(സി) മാവേലി സ്റ്റോറുകളും, മൊബൈൽ മാവേലി സ്റ്റോറുകളും എന്നിവ വഴി അരി, മൈദ, സൂജി, വെളിച്ചെണ്ണ, ധാന്യങ്ങളും, പയറു വർഗ്ഗങ്ങളും, പലവ്യഞ്ജനങ്ങളും, തേയില, പഞ്ചസാര തുടങ്ങിയ സാധനങ്ങളും, സൂപ്പർമാർക്കറ്റ് മുഖേന റഫ്രിജറേറ്റർ, ടെലിവിഷൻ സെറ്റുകളും, സ്റ്റേഷനറി സാധനങ്ങളും, പ്ലാസ്റ്റിക് സാധനങ്ങളും മറ്റ് വീട്ടുപകരണങ്ങളും, മൽസ്യമാംസാദികളും എന്നിവയും, പ്രത്യേക സ്റ്റാളുകളും മുഖേന പച്ചക്കറിയും, പ്രത്യേക ഡിപ്പോകളും, ബങ്കുകളും എന്നിവ മുഖേന മണ്ണെണ്ണ, പെട്രോളും, എൽ. പി. ഗ്യാസ് എന്നിവയും വിതരണം ചെയ്തുവരുന്നു.

സംസ്ഥാന പോലീസിന്റെ പ്രവർത്തനം നവീകരിക്കുവാനുള്ള റിപ്പോർട്ടിലെ ശുപാർശകൾ

* 157. ശ്രീ. എം. എം. ഹസ്സൻ :
,, കെ. കെ. ശ്രീനിവാസൻ :
,, എ. സി. ജോസ് :
,, പന്തളം സുധാകരൻ :
,, കെ. എസ്. നാരായണൻ നമ്പൂതിരി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന പോലീസ് വിഭാഗത്തിന്റെ പ്രവർത്തനം നവീകരിക്കുന്നതിനെപ്പറ്റിയുള്ള പഠന റിപ്പോർട്ടിലെ ശുപാർശകൾ ഏതെല്ലാം നടപ്പിലാക്കി ?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) :

പോലീസിന്റെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടുകൂടി ഒരു പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. ഇതിനെ സംബന്ധിച്ച് പഠന റിപ്പോർട്ടുകളൊന്നും ഇല്ല. എന്നാൽ, പോലീസിന്റെ പുനഃസംഘടനയെ സംബന്ധിച്ച് ശ്രീ. ടി. എ. എസ്. അയ്യർ തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

അന്വേഷണക്കമ്മീഷനുകൾ

* 159. ശ്രീ. ലോനപ്പൻ നമ്പാടൻ :
,, വർക്കല രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റിന്റെ കാലത്ത് 28-2-1986 വരെ സംസ്ഥാനത്ത് ഉണ്ടായ ലാത്തിച്ചാർജുകളേയും വെടിവയ്പുകളേയും കുറിച്ച് അന്വേഷിക്കാൻ എത്ര കമ്മീഷനുകളെ വീതം രൂപീകരിച്ചു ;

(ബി) ഇതിൽ ഓരോന്നിലും എത്ര കമ്മീഷനുകൾ റിപ്പോർട്ട് നൽകി ;

(സി) ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എത്ര പോലീസ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടികൾ സ്വീകരിച്ചു ?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) :

(എ) അഞ്ച് കമ്മീഷനുകൾ.

LIBRARY ARCHIVES Kerala Legislative Assembly